Draft #3 of File 10456/IMCA/ACA4-3/2025/MGU Approved by ASSISTANT REGISTRAR I (ACADEMIC) on 23-Aug-2025 02:23 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

Integrated Master of Computer Application (IMCA) പ്രോഗ്രാം- പ്രവേശന യോഗ്യത - Computer Science ഉൾപ്പെടുത്തി- അക്കാദമിക് കൗൺസിൽ തീരുമാനം- ഉത്തരവ്.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 7968/AC A 4/2025/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 25.08.2025

---

*പരാമർശം:*-1) ഉത്തരവ് നമ്പർ 8058/AC A 4/2023/എം.ജി.യു, തീയതി:26.07.2023.

2) 24.01.2025-ന് SCMS School of Technology & Management -ലെ പ്രിൻസിപ്പാൾ സർവ്വകലാശാലാ രജിസ്ട്രാർക്ക് നൽകിയ കത്ത് നമ്പർ SSTM/31/25/26.

3) 04.07.2025 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗനടപടി- ഇനം നമ്പർ 78/10456/IMCA/ACA4-3/2025/MGU.

**<u>ഉത്തരവ്</u>**

Integrated Master of Computer Application (IMCA) പ്രോഗ്രാം റെഗുലേഷൻ, സ്കീം & സിലബസ് പ്രകാരം Mathematics / Statistics/ Accountancy എന്നിവയിലേതെങ്കിലും നിർബന്ധമായും പഠിച്ചുകൊണ്ട് 45% മാർക്കിൽ കുറയാതെ നേടി +2/തത്തുല്യം പാസായവർക്കാണ് പ്രവേശനയോഗ്യതാമാനദണ്ഡം വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത യോഗ്യതകൾക്കൊപ്പം Informatics Practices കൂടി IMCA പ്രോഗ്രാമിന്റെ യോഗ്യതാമാനദണ്ഡത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

IMCA പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതാമാനദണ്ഡത്തിൽ Computer Science കൂടി ഉൾപ്പെടുത്തേണമെന്ന് ആവശ്യപ്പെട്ട് SCMS School of Technology & Management -ലെ പ്രിൻസിപ്പാൾ പരാമർശം 2 പ്രകാരം കത്ത് നൽകി. പ്രസ്തുത ആവശ്യം പരിഗണിക്കുന്നത് സംബന്ധിച്ച് വിദഗ്ധ സമിതിയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. നിലവിലെ യോഗ്യതാമാനദണ്ഡങ്ങളുടെ വ്യവസ്ഥകൾക്കൊപ്പം കമ്പ്യൂട്ടർ സയൻസ് optional subject ആയി പഠിച്ച് +2 /തത്തുല്യം പാസായവർക്ക് IMCA പ്രവേശനം അനുവദിക്കാവുന്നതാണ് എന്ന് വിദഗ്ധ സമിതി ശിപാർശ ചെയ്തു.

Integrated Master of Computer Application (IMCA) പ്രോഗ്രാമിന്റെ പ്രവേശനയോഗ്യതാമാനദണ്ഡത്തിൽ Computer Science കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരാമർശം 3 പ്രകാരമുള്ള അക്കാദമിക് കൗൺസിൽ യോഗത്തിൽ ചുവടെ നൽകിയിരിക്കുന്ന തീരുമാനം കൈക്കൊണ്ടു.

**Resolved that, along with the existing eligibility criteria, candidates who have studied Computer**

Science as an optional subject and passed +2 or an equivalent examination with not less than 45% marks shall be considered eligible for admission to the IMCA programme.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വിസിയുടെ പി എസ്.
2) രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ -മാർ.
3) ജെ.ആർ/ ഡി.ആർ/ എ.ആർ (അക്കാദമിക്/ പരീക്ഷ)
4) ACC-1/ACC-2/AC B6/AC B7/AC A9 സെക്ഷനുകൾ.
5) IT Cell 1/ IT Cell 2 സെക്ഷനുകൾ.
6) EH -4/ EH-16 സെക്ഷനുകൾ.
7) PRO/Records സെക്ഷനുകൾ.
8) സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 10456/IMCA/ACA4-3/2025/MGU Approved by ASSISTANT REGISTRAR I (ACADEMIC) on 23-Aug-2025 02:23 PM - Page 2